# ശ്രീരാമൻ

## (ശാസ്ത്രീയ വിശകലനവും ഉപാസനയും)

### അനുക്രമണിക


卐 **ശ്രീരാമനെ സംബന്ധിച്ച ജ്ഞാനത്തിന്റെ മഹത്ത്വം** 7

卐 **ആമുഖം** 8

---

1. രാമായണം 9
2. ശ്രീരാമന്റെ ചില പേരുകളുടെ ഉത്ഭവം 11
3. കുടുംബാംഗങ്ങളും അവതാരങ്ങളും 13
4. വിശേഷതകൾ 13
5. രാമായണത്തിലെ ചില പേരുകളുടെ ആന്തരാർഥം 19
6. രാമായണത്തിലെ ചില സന്ദർഭങ്ങളുടെ ആന്തരാർഥം 25
7. സനാതൻ തയ്യാറാക്കിയ ശ്രീരാമന്റെ ‘ചിത്ര’വും ‘നാമജപ പത്രിക’യും 33
8. ഉപാസന 37
9. നമ്മുടെ ജീവിതത്തിലെ രാമായണം 59

# ആമുഖം

സമൂഹത്തിലെ മിക്ക ജനങ്ങൾക്കും ചെറുപ്പത്തിൽ വായിച്ചതും കേട്ടിട്ടുള്ളതുമായ വിവരങ്ങളിൽ നിന്ന് ആയിരിക്കും ദേവീ-ദേവന്മാരെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നത്. ഇങ്ങനെ കിട്ടുന്ന അൽപമായ വിവരം കാരണം ഈശ്വര വിശ്വാസവും അവരിൽ കുറവായിരിക്കും. ദേവീദേവന്മാരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിഞ്ഞിരുന്നാൽ ഭഗവാനിൽ കൂടുതൽ വിശ്വാസം ഉണ്ടാകുകയും ഈ വിശ്വാസം പിന്നീട് ദൃഢമാകുകയും ദേവവോപാസനയും സാധനയും നല്ല രീതിയിൽ നടക്കുകയും ചെയ്യും. അതുകൊണ്ടാണ് ഈ ലഘുഗ്രന്ഥത്തിൽ ശ്രീരാമനെക്കുറിച്ചുള്ള മറ്റു മിക്ക ഗ്രന്ഥങ്ങളിലും ഇല്ലാത്തതും, എന്നാൽ വളരെ ഉപയോഗപ്രദവുമായ അധ്യാത്മശാസ്ത്രപരമായ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ ലഘുഗ്രന്ഥം വായിക്കുന്നവർക്ക് സാധന ചെയ്യാൻ പ്രേരണ ലഭിക്കട്ടെ, എന്ന് ശ്രീഗുരു ചരണങ്ങളിൽ പ്രാർഥിക്കുന്നു.

**- സമാഹർത്താവ്**

## ശ്രീരാമനെ സംബന്ധിച്ച ജ്ഞാനത്തിന്റെ മഹത്ത്വം

ആധ്യാത്മിക ഉയർച്ചയ്ക്കായി 'പിണ്ഡം മുതൽ ബ്രഹ്മാണ്ഡം' വരെയുള്ള യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. ഇതിന്റെ അർഥം എന്തെന്നാൽ 'ബ്രഹ്മാണ്ഡത്തിൽ' അതായത് ശിവനിൽ ഏതെല്ലാം തത്ത്വങ്ങൾ ഉണ്ടോ, അതെല്ലാം 'പിണ്ഡത്തിൽ' അതായത് ജീവനിൽ കൊണ്ടു വന്നാൽ മാത്രമേ ജീവന് ശിവനുമായി ലയിച്ചു ചേരാൻ സാധിക്കൂ. വെള്ളത്തിന്റെ ഒരു തുള്ളിയിൽ അല്പമെങ്കിലും എണ്ണയുടെ അംശമുണ്ടെങ്കിൽ അത് വെള്ളവുമായി ലയിച്ചു ചേരില്ല. അതുപോലെ ശ്രീരാമന്റെ ഭക്തന്മാരിൽ ശ്രീരാമന്റെ എല്ലാ വിശേഷതകളും ഇല്ലാതെ അവർക്ക് ശ്രീരാമനുമായി ലയിച്ചു ചേരാൻ സാധിക്കുകയില്ല. അതായത് അവർക്ക് സായുജ്യ മുക്തി കിട്ടുകയില്ല. ഈ സന്ദർഭത്തിൽ ഇവിടെ കൊടുത്തിരിക്കുന്ന ശ്രീരാമന്റെ സവിശേഷതകൾ സാധകന് മാർഗദർശകമായിരിക്കും.

ശ്രീവിഷ്ണു, ശ്രീകൃഷ്ണൻ, ഹനുമാൻ, ശിവൻ, ദത്താത്രേയൻ, ശക്തി, ഗണപതി, സരസ്വതിദേവി എന്നീ ദേവീദേവന്മാരെക്കുറിച്ചുള്ള വിശിഷ്ട വിവരങ്ങൾ നൽകുന്ന ലഘുഗ്രന്ഥങ്ങളും ലഭ്യമാണ്.